ആർ ബി ഐ/2004-05/213
സി ഒ ഡി റ്റി നം.15. 02.001 എച്ച് 3884-3520/2004-05

ഒക്ടോബർ 7, 2004
അശ്വിന 15, 1926 (ശാ)

**ദി ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ**

**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യാ /അനുബന്ധ ബാങ്കുകൾ**

**15 പൊതുമേഖലാ ബാങ്കുകൾ.**

സർ,

2004 ആഗസ്റ്റ് 2ലെ ജി എസ് ആർ 490 (ഇ) വിജ്ഞാപന പ്രകാരം മുതിർന്ന പൗരന്മാർക്കുള്ള നക്ഷേപ പദ്ധതി (സി എസ് എസ് 1 എസ്) ഗവൺമെന്റ് ആരംഭിച്ച വിവരം താങ്കൾക്കറിയാമല്ലോ. പോസ്റ്റ് ഓഫീസുകൾ മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്

സർക്കാർ ഇപ്പോൾ നിർദേശിച്ചിട്ടുള്ളത് ടി പദ്ധതി 1968-ലെ പി.പി.എഫ്. പദ്ധതി നടപ്പാക്കുന്ന എല്ലാ ബാങ്ക് ശാഖകൾ വഴിയും നടപ്പാക്കാനാണ് (ഓഫീസ് മെമ്മോറാണ്ടം നമ്പർ 2-8/2004-എൻ.എസ്. 11 തീയതി 30 സെപ്റ്റംബർ 2004) ഏജൻസി ബാങ്കുകളുടെ ടി പദ്ധതിയുടെ പ്രവർത്തനം 1968-ലെ പി.പി.എഫ്. സ്കീമിന്റെ മാർഗ്ഗത്തിൽക്കൂടിയാണ്. താങ്കളുടെ അറിവിനും ആവശ്യമായ പ്രവർത്തനങ്ങൾക്കുമായി 2.8.04-ലെ നോട്ടിഫിക്കേഷന്റെയും 30.9.2004-ലെ ഓഫീസ് മെമ്മോറാണ്ടത്തിന്റേയും പത്തുകോപ്പികൾ വീതം അയക്കുന്നു.

2. ടി പദ്ധതിയുടെ പ്രവർത്തനത്തിന് താഴെ പറയുന്ന നടപടിക്രമം പാലിക്കാൻ 30.9.04-ലെ ഓഫീസ് മെമ്മോറാണ്ടത്തിൽ സർക്കാർ വ്യവസ്ഥ ചെയ്തിരിക്കുന്നു

(എ) സ്ററാൻഡേർഡ് ഏജൻസി സിസ്റ്റത്തിൽ (എസ്.എ.എസ്) പ്രവർത്തിക്കുന്ന ലഘുസമ്പാദ്യ ഏജന്റുമാർക്കു ഈ പദ്ധതിയുടെ പ്രചരണത്തിന് 0.5% (അര ശതമാനം) കമ്മിഷൻ ഡപ്പോസിറ്റനുസരിച്ചു നല്കാവുന്നതാണ്. പി.പി.എഫ്. ഏജന്റുമാർക്കു കമ്മിഷൻ നല്കുന്ന സമ്പ്രദായം.

18-5-99 എൻ.എസ്. II-10 ഫെബ്രുവരി 2004, 20 മെയ് 2004 എന്നീ തീയതികളിലുള്ള ധനകാര്യ മന്ത്രാലയത്തിലെ ധനകാര്യ ഡിപ്പാർട്ടുമെന്റ്, ഗവർമെന്റ് ഓഫ് ഇന്ത്യയുടെ ആഫീസ് മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുണ്ട്. അത് എസ്.സി.എസ്. എന്ന പദ്ധതി നടപ്പാക്കുന്ന ഏജന്റുന്മാർക്കും ബാധകമാണ്.

ഒരു സ്ഥലത്തുനിന്നും മറ്റു സ്ഥലത്തേക്കു മാറ്റിക്കൊണ്ടുപോകാനാവുന്ന നിക്ഷേപ പദ്ധതിപ്രകാരം എ.എസ്. എജന്റുമാർ പെൻഷനായ ജോലിക്കാർക്കുവേണ്ടി പ്രവർത്തിച്ചിരുന്ന കാര്യം പറയേണ്ടതുണ്ട്.

(ബി) ഈ പദ്ധതിയിലുള്ള വിവിധ ഇടപാടുകാർ അടങ്ങിയ അക്കൗണ്ടിംഗ് നടപടിക്രമങ്ങൾക്കു അന്തിമരൂപം നൽകുന്ന ഘട്ടമായിരിക്കുന്നു, ഇപ്പോൾ ഇത്തരം ഇടപാടുകളെ താഴെ പറയുന്ന രീതിയിൽ തരംതിരിക്കാം.

i) **നിക്ഷേപവും മുഖ്യ തുക പിൻവലിക്കുന്നതും**

മേജർ ഹെഡ് 8001 ദേശീയ സമ്പാദ്യനിക്ഷേപങ്ങൾ 00.103. സ്ഥിര നിക്ഷേപങ്ങളും. സമയനിക്ഷേപങ്ങളും.

ii) **നിക്ഷേപകർക്കു പലിശ നൽകുന്നത്**

മേജർ ഹെഡ് 8008 - ദേശീയ ലഘു സമ്പാദ്യ തുകയുടെ വരവും ചിലവും 02. **വരിക്കാർക്കുള്ള പലിശ** നൽകുക. 101 ദേശീയ സമ്പാദ്യനിക്ഷേപത്തിനുള്ള പലിശ.

iii) **ഏജന്റുമാർക്കു നൽകേണ്ട കമ്മിഷൻ**

മേജർ ഹെഡ് - 8008. ദേശീയ ലഘുസമ്പാദ്യ പദ്ധതി വരവും ചിലവും 03. മാനേജ്മെന്റു ചിലവ് - 103 - ഏജന്റുമാർക്കുള്ള കമ്മിഷൻ നൽകുക. 02. ബാങ്കുകൾ നൽകുന്ന കമ്മിഷൻ. 01 എസ്.എ.എസ്. ഏജൻസിനു നൽകുന്ന കമ്മിഷൻ. 50 മറ്റു ചിലവുകൾ

സി) നിങ്ങളുടെ ചുമതലപ്പെടുത്തിയ ബ്രാഞ്ചുകൾക്ക് നിർദ്ദേശം നൽകുകയും 2004 എസ്.സി.എസ്. പദ്ധതിയുടെ നടത്തിപ്പിനുള്ള മാതൃകകളെ പരിചയപ്പെടു
ത്തുകയും അവർക്കു ആവശ്യമായ സ്റ്റേഷനറികളും മറ്റും അവർക്കു നൽകുകയും ചെയ്യുക. സർക്കാർ പ്രത്യേകമായി ഈ പദ്ധതി പൊതുമേഖലാ ബാങ്കുകൾ വഴി ഏറ്റവും വേഗത്തിൽ (പി.എസ്.ബി.എസ്) 1-11-04 നു മുൻപാകെ നടത്തുന്നതിനു പ്രത്യേകം താല്പര്യപ്പെട്ടിട്ടുണ്ട്. ഇത് ഞങ്ങൾ താങ്കളെ അറിയിക്കുകയാണ്. 2004 ലെ എസ്.സി.എസ്.എസ്. പദ്ധതി വിജയകരമായി തുടങ്ങുന്നതിനും ഭദ്രമായി നടപ്പാക്കുകയും വേണം.

3. അക്കൗണ്ടിംഗ് നടപടി ക്രമങ്ങളുടെയും അതിന്റെ റിപ്പോർട്ടിംഗ് സമ്പ്രദായത്തിന്റെയും വിശദവിവരങ്ങളടങ്ങിയ അനുബന്ധം I ഇതോടൊപ്പം പൊതുമേഖലാ ബാങ്കുകളുടെ അറിവിനും ആവശ്യമായ നടപടികൾക്കുമായി നൽകുന്നു.

4. മുകളിൽ സൂചിപ്പിച്ചതനുസരിച്ച്, നിങ്ങളുടെ സോണൽ/ഡിവിഷനിൽ/ ചുമതലപ്പെടുത്തിയിട്ടുള്ള ബ്രാഞ്ചുകൾക്കും യുക്തമായ നിർദ്ദേശം നൽകുക 2004-ലെ

എസ്.സി.എസ്.എസ്. നിക്ഷേപങ്ങൾ ഉറപ്പു വരുത്തണമെന്നും അത് 2004 നവംബർ 1 നു മുൻപായി നിങ്ങളുടെ ചുമതലപ്പെടുത്തിയിട്ടുള്ള ബ്രാഞ്ചുകളിൽ സ്വീകരിച്ചിരിക്കണമെന്നും അറിയിക്കുന്നു.

5. കത്തു കിട്ടിയ വിവരം അറിയിക്കുക

വിശ്വസ്തതയോടെ

**(ബി.ബി. സംഗർമ)**

ജനറൽ മാനേജർ

End : മുകളിൽ സൂചിപ്പിച്ചതുപോലെ

**അനുബന്ധം I**

## മുതിർന്ന പൗരന്മാരുടെ സമ്പാദ്യപദ്ധതി 2004

1. **പങ്കെടുക്കുന്ന ബാങ്കുകൾ**

1968-ലെ പി.പി.എഫ്. പദ്ധതി നടപ്പാക്കുന്ന എല്ലാ ബാങ്കുകളും, പൊതു മേഖലാ ബാങ്കുകളുടെ (പി.എസ്.ബി.എസ്) ചുമതലപ്പെടുത്തിയിട്ടുള്ള ബ്രാഞ്ചുകൾ മുഖാന്തിരം ഈ പദ്ധതി നടപ്പാക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു.

2. ഫണ്ടുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള റിപ്പോർട്ടിംഗ് അക്കൗണ്ടിംഗ് നടപടിക്രമങ്ങൾ

2004 എസ്.ബി.എസ്.എസ്. പദ്ധതി പ്രകാരമുള്ള കളക്ഷൻ പി.എസ്.ബി.എസ് ബ്രാഞ്ചുകൾ അവരുടെ നാഗ്പ്പൂർ സെല്ലിൽ ദിവസവും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ നാഗപ്പൂർ, എന്ന ഗവർമെന്റ് അക്കൗണ്ടു സെക്ഷനിൽ ക്രെഡിറ്റു നടപടിക്രമമനുസരിച്ച് പണം അടയ്ക്കണം. ഇപ്പോൾ നിലവിലുള്ള കളക്ഷൻ ഗവർമെന്റ് അക്കൗണ്ടിലേക്കുള്ളത് മൂന്നു ദിവസത്തിൽ കൂടുതൽ കഴിഞ്ഞാണ് കൂപ്പൺ റേറ്റനുസരിച്ച് പിഴ പലിശയുണ്ടാക്കുന്നതാണ്.

ബി) ഏജൻസി ബാങ്കുകൾ പിൻതുടരേണ്ട റിപ്പോർട്ടിംഗ് രീതി താഴെ കൊടുക്കുന്നു.

1) എസ്.ബി.ഐ. ചുമതലപ്പെടുത്തിയിട്ടുള്ള എസ്.സി.സി.എസ് 2004 ന്റെ ഇടപാടുകൾ കൈകാര്യം ചെയ്യുന്ന ബ്രാഞ്ചുകൾ നേരിട്ടോ അവരുടെ പ്രധാന ബ്രാഞ്ചുകൾ മുഖേനയോ മുംബൈ നേവി ഗാഡിൽ റിപ്പോർട്ടു ചെയ്യണം. എസ്.ബി.ഐ. ബ്രാഞ്ച് അടിസ്ഥാനത്തിലും സംസ്ഥാനാടിസ്ഥാനത്തിലുമുള്ള പൊതു റിപ്പോർട്ട് സി.എ.എസ്. നാഗപ്പൂരിന് ഫണ്ടു തീർപ്പക്കുന്നതിനു നൽകണം. എസ്.സി.എസ്.എസ്.ന്റെ ഇടപാടുകളെ സംബന്ധിച്ചുള്ള അന്തിമ ഘടനാ റിക്കാർഡ് നാഗപ്പൂരിലെ കേന്ദ്ര അക്കൗണ്ടു സെക്ഷനിൽ നിന്നു ലഭിക്കുന്നതാണ്.

2) ചുമതലപ്പെടുത്തിയിട്ടുള്ള ഘടകബ്രാഞ്ചുകളും പൊതുമേഖലാ ബാങ്കുകളും നേരിട്ടോ അവരുടെ പ്രധാന ബ്രാഞ്ചുകൾ മുഖേനയോ എസ്.സി.എസ്.എസ് 2004 ഇടപാടുകൾ അവരുടെ നാഗ്പ്പൂരിലെ ബന്ധപ്പെട്ട സെല്ലിൽ അയക്കണം.

III) നാഗപ്പൂരിലെ ഘടക ബാങ്കുകളും പൊതുമേഖലാ ബാങ്കുകളും എസ്.സി.എസ്.എസ്. 2004 ന്റെ ബ്രാഞ്ചടിസ്ഥാനത്തിലും സംസ്ഥാനാടിസ്ഥാനത്തിലുമുള്ള ഇടപാടുകളെ ക്കുറിച്ചുള്ള പൊതു റിപ്പോർട്ട് നാഗപ്പൂരിലെ കാസിനു ദിവസവും നൽകണം. അതു പോലെ ഫണ്ടു കണക്കു തീർക്കുന്നതു കാസ് നാഗപ്പൂരുമായി നേരിട്ടായിരിക്കണം. എസ്.സി.എസ്.എസ്.ന്റെ അന്തിമ പ്രവർത്തന റിപ്പോർട്ടിനെക്കുറിച്ചുള്ള വിവരം നാഗപ്പൂരിലെ കേന്ദ്ര അക്കൗണ്ടു സെക്ഷനിൽ നിന്നു ലഭിക്കുന്നതാണ്.

IV) ജില്ലാ തലത്തിലുള്ള സ്റ്റേറ്റു ബാങ്ക് ഓഫ് ഇന്ത്യ അത്തരത്തിലുള്ള ഘടക ബാങ്കുകളുടേയോപൊതുമേഖലാ ബാങ്കുകളുടെയോ റിപ്പോർട്ടുകൾ സ്വീകരിക്കുകയോ എസ്.സി.എസ്.എസ്. 2004ന്റെ ഇടപാടുകളുടെ കണക്കു തീർക്കുകയോ ചെയ്യാൻ പാടില്ല.

V) റിസർവ് ബാങ്ക് ഓഫ് ഇന്ത്യുടെ അഹമ്മദാബാദ്, ബാംഗ്ലൂർ, ഭുവനേശ്വർ കൊൽക്കത്ത, ഗൗഹാത്തി, ഹൈദ്രാബാദ്, ജയ്പൂർ, കാൺപൂർ, ചെന്നെ, മുംബൈ, ന്യൂഡൽഹി, പാട്ന, തിരുവനന്തപുരം എന്നീ സ്ഥലത്തുള്ള ആഫീസുകൾ, ഘടക ബാങ്കുകളിൽ നിന്നോ പൊതുമേഖലാ ബാങ്കുകളിൽ നിന്നോ എസ്.സി.എസ്.എസ്. 2004 ഇടപാടുകളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ സ്വീകരിക്കാൻ പാടില്ല.

3. നാഗ്പ്പൂരിലെ ഏജൻസി ബാങ്കുകളുടെ ബന്ധപ്പെട്ട സെല്ലുകളോ, എസ്.ബി.ഐ, ഗാഡ്, മുംബൈ, എന്നിവ ധനമന്ത്രാലയത്തിലെ ധനകാര്യ വകുപ്പിലെ പ്രധാന അക്കൗണ്ട് ആഫീസർക്കു മാസം തോറും റിപ്പോർട്ടു നൽകേണ്ടതാണ്. ആ സ്റ്റേറ്റുമെന്റുമായി ബന്ധപ്പെട്ട അടുത്ത ആഴ്ചതന്നെ റിപ്പോർട്ടു നൽകണം.

**അനുബന്ധം II**

## മുതിർന്ന പൗരന്മാരുടെ സമ്പാദ്യ പദ്ധതി 2004

പദ്ധതിയുടെ കാലദൈർഘ്യം

അഞ്ചുവർഷമാണ്. അതു മൂന്നു വർഷം കൂടി നീട്ടാവുന്നതാണ്.

പലിശനിരക്ക്

വാർഷികം 9% പലിശ കണക്കാക്കുന്ന കാലദൈർഘ്യം

മൂന്നു മാസം

നികുതികാര്യങ്ങൾ

പലിശ മുഴുവൻ നികുതിക്കു വിധേയമാണ്

നിക്ഷേപം 1000 ന്റെ ഗുണിതങ്ങളായിരിക്കും

പരമാവധി നിക്ഷേപ നിരക്ക്

പതിനഞ്ചുലക്ഷം

കുറഞ്ഞ അർഹതപ്രായം

60 വയസ്സ് (സ്വമേധയായും പ്രത്യേക പദ്ധതി പ്രകാരവും റിട്ടയർ ചെയ്തവർക്ക് 55 വയസ്)

ഒരു വർഷത്തിനുശേഷവും കിട്ടും എന്നാൽ അതിനു പിഴ നൽകണം.

മാറ്റുന്നതിനുള്ള കാര്യങ്ങൾ

ലഭ്യമല്ല

ഉപഭോക്തൃസമ്പ്രദായം

ലഭ്യമല്ല

അവകാശികളെ നിശ്ചയിക്കാൻ

സൗകര്യമുണ്ട്

അവകാശികളെ നിശ്ചയിക്കുന്ന രീതി

പൊതുവായി ഒറ്റയ്ക്കും, കൂട്ടായുള്ള രീതിയിലും അനുവദിക്കുന്നതും അത് ഭാര്യ ഭർത്താക്കളുടെ കാര്യത്തിൽ അനുവദിക്കുന്നതും അതു പൊതുവായ കൂട്ടുനിക്ഷേപങ്ങൾ അതിന്റെ ഗുണഭോക്താക്കൾക്കൊപ്പം അനുവദിക്കുന്നതുമാണ്

അപേക്ഷാഫോറങ്ങളുടെ പോസ്റ്റാഫീസുകൾ, നിശ്ചയിക്കുന്ന പൊതുമേഖലാ ബാങ്കുകൾ.